(സി) താഴെ പറയുന്ന പ്രത്യേക അറ്റകുറ്റ പണികളാണ് ടെൻഡർ വിളിച്ച് ഏൽപ്പിച്ചത്.

ഹോസ്റ്റൽ കെട്ടിടങ്ങൾ, റിസർച്ച് ഡയറക്ടറുടെ കെട്ടിടം, എഞ്ചിനീയറിംഗ് കാർഷിക ഓഫീസ് കെട്ടിടങ്ങൾ, 2 ലാബറട്ടറി കെട്ടിടങ്ങൾ, ഫിറ്റിംഗും സ്മിത്തി കെട്ടിടങ്ങളും, കാർഷിക വർക്ക്ഷോപ്പും ഇൻഡോർ കോർട്ടും, ബാച്ച്ലേഴ്സ് ക്വാർട്ടറുകൾ, ലേഡീസ് ഹോസ്റ്റലും എഞ്ചിനീയറിംഗ് ഡിവിഷൻ ഓഫീസ് കെട്ടിടങ്ങളും.

(ഡി) 20 "ടൈപ്പ് 1 ക്വാർട്ടറുകൾ". ഡീനിന്റെ ക്വാർട്ടേഴ്സ്, ഗസ്റ്റ് ഹൗസ്, പൗൾട്രി ഹൗസ്.

(ഇ) രൂപ 18,78,403

(എഫ്) ഉണ്ട്

(ജി) ഉത്തരം (ഡി) യിൽ കാണിച്ചിരിക്കുന്ന 4 ജോലികൾക്ക് കോഴിക്കോട്ടെ ആർക്കിടെക്റ്റുകളായ ജോസ്, രമേഷ്, ബാബു എന്നിവർക്ക് ചെക്കു മുഖേന 1,99,891 രൂപ കൊടുക്കുകയുണ്ടായിട്ടുണ്ട്.

(എച്ച്) ഉണ്ട്. സർവ്വകലാശാലയിലെ എക്സിക്യൂട്ടീവ് കമ്മറ്റി ഇത് അംഗീകരിച്ചിട്ടുണ്ട്.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

പീരുമേട് മൃഗാശുപത്രിക്ക് കെട്ടിടം

240. [294] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വന്തമായി സ്ഥലമുള്ള പീരുമേട് മേജർ മൃഗാശുപത്രിക്കു ഒരു കെട്ടിടം നിർമ്മിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഭാവിയിൽ മൃഗാശുപത്രി കെട്ടിടങ്ങൾ പണിയുമ്പോൾ പീരുമേട് മൃഗാശുപത്രിയുടെ കാര്യവും പരിഗണിക്കുന്നതാണ്.

ദേശീയ സമ്പാദ്യ പദ്ധതിയിലേക്കുള്ള തീവ്രയത്ന സമാഹരണ പരിപാടി

241. [295] ശ്രീ. ജി. കാർത്തികേയൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, രാഘവൻ പുഴക്കടവിൽ :
,, സ്റ്റീഫൻ പാടുവ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ സമ്പാദ്യ പദ്ധതിയിലേക്കുള്ള തീവ്രയത്ന സമാഹരണ പരിപാടി അനുസരിച്ച് സമാഹരിക്കാൻ കഴിഞ്ഞ തുക എത്രയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1986 ഓഗസ്റ്റ് 1-ാം തീയതി ആരംഭിച്ച നിക്ഷേപ സമാഹരണ തീവ്ര യത്ന പരിപാടിയുടെ ഫലമായി, 1986 സെപ്റ്റംബർ 30-ാം തീയതി വരെ 50.60 കോടി രൂപ നിക്ഷേപമായി സമാഹരിച്ചിട്ടുണ്ട്. തീവ്ര യത്ന പരിപാടിയുടെ കാലാവധി ഒക്ടോബർ 31 വരെ നീട്ടിയിട്ടുണ്ട്. 100 കോടി രൂപ സമാഹരിക്കണമെന്നതാണ് ലക്ഷ്യം.

സംസ്ഥാനത്തിന്റെ കടബാദ്ധ്യത

242. [296] (എ) 1986 സെപ്റ്റംബർ മാസം 15 വരെ സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത എല്ലായിനത്തിലും കൂടി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 1986 സെപ്റ്റംബർ 15-ന് സംസ്ഥാന ലജനാവിലേക്ക് വിവിധ കോർപ്പറേഷനുകളിൽ നിന്നും മറ്റു പൊതുക്കാര്യമേഖലാ സ്ഥാപനങ്ങളിൽനിന്നും കിട്ടുവാനുള്ള സംഖ്യ എത്രയാണ്?

ഉത്തരം

(എ) 1986 സെപ്റ്റംബർ 15 വരെയുള്ള സംസ്ഥാനത്തിന്റെ എല്ലായിനത്തിലും കൂടിയുള്ള കടബാദ്ധ്യത ലഭ്യമല്ല. കാരണം 1986 സെപ്റ്റംബർ വരെയുള്ള അക്കൗണ്ട്സ് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ തയ്യാറായിട്ടില്ല. 31-3-1986 വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യത സംസ്ഥാനഗവൺമെന്റിന്റെ ആഭ്യന്തര കടം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും എന്നീയിനത്തിൽ 1755.89 കോടി രൂപയാണ്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ നിന്നും എടുത്ത കടം

243. [297] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെത്തു തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 1986 സെപ്റ്റംബർ 30 വരെ കേരള ഗവൺമെന്റ് എടുത്ത കടം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ നിന്നും 1986 സെപ്റ്റംബർ 30 വരെ കേരള ഗവൺമെന്റ് കടം എടുത്തിട്ടില്ല.

പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എടുത്ത വായ്പ

244. [298] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് 1986 സെപ്റ്റംബർ 30 വരെ സംസ്ഥാന സർക്കാർ ആകെ എത്ര രൂപ വായ്പ എടുത്തിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly